"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2259/2023/LSGD തീയതി,തിരുവനന്തപുരം, 16-11-2023

പരാമർശം:- 1. സ.ഉ.(സാധാ) നം.2117/2023/തസ്വഭവ; തീയതി 30.10.2023

2. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 14.11.2023ലെ KGPA/LP/FR/2023111402 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം അവസരം നൽകിയിട്ടുണ്ട്. പരിഷ്കരിച്ച വാർഷിക പദ്ധതി 2023 നവംബർ 15നകം അംഗീകാരത്തിനായി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ മാലിന്യ മുക്ത നവകേരളം പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും, നവകേരള സദസ്സിന്റെ സംഘാടനവുമായി ബന്ധപ്പെട്ടും പ്രവർത്തനങ്ങൾ ആയതിനാലും അവസാന തീയതികളിൽ സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാലും നിരവധി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഭേദഗതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എൻട്രി വരുത്താനായിട്ടില്ല എന്നും ആയതിനാൽ ഭേദഗതിക്കുള്ള സമയപരിധി വർദ്ധിപ്പിച്ച് നൽകണമെന്നും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പദ്ധതികൾ ഇനിയും മതിയായ വിധത്തിൽ ഉൾപ്പെടുത്താത്ത പഞ്ചായത്തുകളും നഗരസഭകളും ഉണ്ടെന്നത് അവലോകന യോഗങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി, പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി, **2023 നവംബർ 25** ആയി പുനർനിശ്ചയിച്ച് ഉത്തരവാകുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതിയിൽ 'മാലിന്യമുക്തം നവകേരളം' ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ജൈവ മാലിന്യം, അജൈവ മാലിന്യം, സാനിറ്ററി മാലിന്യം തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രോജക്ടുകളും ഹരിത കർമ്മസേനയുടെ പ്രവർത്തന മികവ് ഉറപ്പാക്കാൻ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പുവരുത്തേണ്ടതാണ്. ഇതിന്

ആവശ്യമായ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ജില്ലാ ജോയിന്റ് ഡയറക്ടർ ജില്ലാ ആസൂത്രണ സമിതിയ്ക്ക് നൽകേണ്ടതുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ.പി.

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്